(ഇ) ഇപ്പോൾ പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്ന കരാറുകാരന് ഇതുവരെ എന്ത് തുക കൊടുത്തിട്ടുണ്ട്;

(എഫ്) മണ്ടോമരത്ത റീച്ചായ എഴുകണ്ടി-മങ്കയം-തെച്ചി റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അടങ്കൽ തുക എത്രയാണ്; ഇതിന് എന്ത് തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് 5-7-1995 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 903/95/പി.ഡബ്ല്യു. ആന്റ് റ്റി. പ്രകാരമാണ് ഏറ്റെടുത്തിട്ടുള്ളത്.

(ബി) 22-10-1997 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 1247/97/പി.ഡബ്ല്യു. ആന്റ് റ്റി. പ്രകാരം 211 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി.

(സി) 50 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) 4-9-1999-ൽ എഗ്രിമെന്റ് വച്ചു. എഗ്രീഡ് പി.എ.സി.—122.08 ലക്ഷം രൂപ.

(ഇ) 23.93 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്.

(എഫ്) 140 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽ ഇതിനായി 1 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

പുൽപ്പറ്റ-യൂണിറ്റി-വനിതാകോളേജ്-നറുകര റോഡ്

53 [3226] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പുൽപ്പറ്റ-യൂണിറ്റി-വനിതാകോളേജ്-നറുകര റോഡിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ ടി റോഡിന്റെ പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly